**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 188** **29-01-2024 - ൽ മറുപടിയ്ക്ക്**

**വേമ്പനാട് കായൽ വികസന അതോറിറ്റി രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വേമ്പനാട് കായലിന്റെ ആവാസവ്യവസ്ഥ സംരക്ഷിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>വേമ്പനാട് കായലിന്റെ സ്വാഭാവികമായ നീരൊഴുക്ക് ക്രമപ്പെടുത്തി മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് വഴി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അതിൻപ്രകാരം വേമ്പനാട് കായലുമായി ബന്ധപ്പെട്ട തോടുകളുടെയും കനാലുകളുടെയും നവീകരണത്തിനായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ഫിഷറീസ് വകുപ്പ് മുഖേന തുക അനുവദിച്ച് നൽകുന്നുണ്ട്.<br><br>2022-23 സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിലെ കൈനകരി, പാണാവള്ളി, ചേന്നംപള്ളിപ്പുറം, മുട്ടാർ കാവാലം എന്നീ ഗ്രാമപഞ്ചായത്തുകളിലെയും കോട്ടയം ജില്ലയിലെ കുമരകം ഗ്രാമപഞ്ചായത്തിലെയും വേമ്പനാട് കായലുമായി ബന്ധപ്പെട്ട തോടുകളുടെയും കനാലുകളുടെയും നവീകരണത്തിനായി ഒരു കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിക്കുകയും പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിലെ എഴുപുന്ന, തൈകാട്ടുശ്ശേരി, വയലാർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ വേമ്പനാട് കായലുമായി ബന്ധപ്പെട്ട തോടുകളുടെയും കനാലുകളുടെയും നവീകരണത്തിനായി 1 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ആദ്യ ഘട്ടമായി എഴുപുന്ന ഗ്രാമപഞ്ചായത്തിലെ തോടുകളുടെ നവീകരണത്തിനായി 35,15,932/- രൂപ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴയ്ക്ക് അനുവദിച്ചിട്ടുണ്ട്.<br><br>വേമ്പനാട് - കോൾ തണ്ണീർത്തടത്തിന്റെ പരിപാലനത്തിനും സംരക്ഷണത്തിനുമായി സംയോജിത കർമ്മ പരിപാലന പരിപ്രേക്ഷ്യം സംസ്ഥാന തണ്ണീർത്തട അതോറിറ്റി |

| | | | |
|---|---|---|---|
| | | | തയ്യാറാക്കിയിട്ടുണ്ട്. CSS സ്കീം പ്രകാരം 60:40 അനുപാതത്തിൽ ഇതിനായി സംസ്ഥാന തണ്ണീർത്തട അതോറിറ്റിക്ക് ഫണ്ട് അനുവദിക്കുകയും ചുവടെ ചേർക്കുന്ന പ്രവർത്തികൾ നടപ്പിലാക്കിവരുകയും ചെയ്യുന്നു.<br><br>(1) തണ്ണീർത്തടത്തിന്റെ സമഗ്ര ജലഗുണ നിലവാര പരിശോധന മാസത്തിൽ ഒന്ന് എന്ന തരത്തിൽ Centre For Water Resources Development and Management (CWRDM) - മായി ചേർന്ന് നടത്തി വരുന്നു.<br><br>(2) സസ്യ ജന്തു ജാലങ്ങളുടെ റിപ്പോർട്ടിംഗ് അതാത് സ്ഥലത്ത് നിന്ന് അപ്ഡേറ്റ് ചെയ്യാവുന്ന തരത്തിൽ മൊബൈൽ ആപ്ലിക്കേഷനും, പൊതു ജനത്തിന് പ്രസ്തുത റിപ്പോർട്ടിങ് ലഭ്യമാക്കും വിധം കെൽട്രോണുമായി ചേർന്ന് വെബ് പോർട്ടലും സജ്ജീകരിച്ചിട്ടുണ്ട്.<br><br>(3) സുസ്ഥിര കക്ക കൃഷിയുമായി ബന്ധപ്പെട്ട് മുഹമ്മ പ്രദേശത്ത് കക്ക relaying- ഉം അവയുടെ നിരീക്ഷണവും പോളകളെ ചെറുത്ത് നിറുത്താനുള്ള മാർഗ്ഗങ്ങളും *Ashoka Trust for Research in Ecology and the Environment (ATREE)* - യുമായി ചേർന്ന് നടപ്പിലാക്കി വരുന്നു.<br><br>(4) തണ്ണീർത്തടത്തിന്റെ വൃഷ്ടി പ്രദേശ സംരക്ഷണ പ്രവർത്തനങ്ങൾക്കായി മണ്ണ് പര്യവേക്ഷണ, മണ്ണ് സംരക്ഷണ വകുപ്പുമായി ചേർന്ന് കരാറൊപ്പിട്ട് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.<br><br>(5) റാംസാർ തണ്ണീർത്തടത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>(6) തണ്ണീർത്തട സംരക്ഷണ പ്രവർത്തനങ്ങൾക്കായി തണ്ണീർത്തട മിത്രങ്ങൾ എന്ന പേരിൽ സ്കൂൾ-കോളേജ് വിദ്യാർത്ഥികളെയും മറ്റ് താല്പര്യമുള്ള തദ്ദേശീയരെയും ഉൾപ്പെടുത്തി രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്.<br><br>(7) വിവിധ തണ്ണീർത്തട സംരക്ഷണ ബോധവൽക്കരണ പരിപാടികൾ, പാതിരാമണൽ ദ്വീപ് ശുചീകരണം, തണ്ണീർത്തട മിത്രങ്ങൾക്കായുള്ള പരിശീലന പരിപാടികൾ എന്നിവ സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ നേതൃത്വത്തിൽ വേമ്പനാട് - കോൾ തണ്ണീർത്തടത്തിൽ നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | (8) നിലവിലെ സംയോജിത കർമ്മ പരിപാലന പരിപ്രേഷ്യം കാലാവധി പൂർത്തിയാകുന്നതിനാൽ, Wetlands International South Asia (WISA), CWRDM എന്നിവരുമായി ചേർന്ന് ടി പരിപ്രേഷ്യം പരിഷ്കരിക്കുകയും കരട് കർമ്മ പദ്ധതി SWAK ടെക്നിക്കൽ കമ്മിറ്റി ശിപാർശയോടെ അതോറിറ്റി മുൻപാകെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതുമാണ്. ടി പദ്ധതി പരിഷ്കരണത്തിനായി വിവിധ തണ്ണീർത്തട അനുബന്ധ വിഭാഗങ്ങളുമായി ചർച്ചകൾ സംഘടിപ്പിക്കുകയും പരമാവധി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച കുഫോസിന്റെ പഠന റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; | (ബി) | പഠന റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |
| (സി) | വേമ്പനാട് കായലിന്റെ സംരക്ഷണത്തിനായി വേമ്പനാട് കായൽ വികസന അതോറിറ്റി രൂപീകരണത്തിന് നടപടി സ്വീകരിക്കണമെന്ന നിർദ്ദേശത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (സി) | വേമ്പനാട് ഇക്കോ ഡെവലപ്മെന്റ് അതോറിറ്റി (VEDA) രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. എന്നാൽ കേന്ദ്ര തണ്ണീർത്തട വിജ്ഞാപന പ്രകാരം തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായി കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ റാംസാർ തണ്ണീർത്തടമായ വേമ്പനാട് - കോൾ തണ്ണീർത്തടത്തിന്റെ പരിപാലന പദ്ധതികൾ കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി വിവിധ ഏജൻസികളുടെ സഹായ ത്തോടെയാണ് നടപ്പിലാക്കുന്നത്.<br><br>വേമ്പനാട് കായൽ ഉൾപ്പെടെ സംസ്ഥാനത്തെ വിജ്ഞാപനം ചെയ്തിട്ടുള്ള തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായി കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി രൂപീകരിച്ചതിനാൽ വേമ്പനാട് ഇക്കോ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിന് പ്രസക്തി ഇല്ലെന്ന് കണ്ട് ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ അവസാനിപ്പിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ